**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3650** **09-10-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റേയും നാളികേരത്തിന്റേയും ഉല്പാദന ക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിന്റെയും നാളികേരത്തിന്റെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | നെല്ലിന്റെയും നാളികേരത്തിന്റെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി ആകെ 9360 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കർഷകർക്ക് ആനുകൂല്യം നൽകുന്നതിനും, നെല്ലിന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ അനുബന്ധം-1, അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br>2025-26 വർഷത്തിൽ നാളികേര വികസന പദ്ധതിയ്ക്കായി 6043.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുന്തിയ ഇനം തെങ്ങിൻ തൈ ഉല്പാദനത്തിനായി നാളികേര കൗൺസിൽ മുഖാന്തരം 1256.51 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള കർമ്മ പദ്ധതികൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിലേയ്ക്കായി എന്തെല്ലാം കർമ്മപദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്; | (ബി) | നെല്ലിന്റെയും നാളികേരത്തിന്റെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി ആകെ 9360 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കർഷകർക്ക് ആനുകൂല്യം നൽകുന്നതിനും, നെല്ലിന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ അനുബന്ധം-1, അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br>2025-26 വർഷത്തിൽ നാളികേര വികസന |

| | | | |
|---|---|---|---|
| | | | **പദ്ധതിയ്ക്കായി 6043.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുന്തിയ ഇനം തെങ്ങിൻ തൈ ഉല്പാദനത്തിനായി നാളികേര കൗൺസിൽ മുഖാന്തരം 1256.51 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള കർമ്മ പദ്ധതികൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.** |
| (സി) | കഴിഞ്ഞവർഷത്തേക്കാൾ ഉല്പാദനം ഉയർന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രകണ്ട് ഉല്പാദനം വർദ്ധിച്ചു എന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. കേരള സാമ്പത്തികസ്ഥിതി വിവര കണക്ക വകുപ്പിന്റെ കണക്കനുസരിച്ച് 2023-24 ൽ നെല്ലിന്റെ ഉല്പാദനം 533327.123 ടൺ ആയിരുന്നു. എന്നാൽ 2024-25 വർഷം ഇത് 537824 ടൺ ആയി ഉയർന്നിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 4497 ടൺ അധിക ഉൽപ്പാദനം ലഭിച്ചിട്ടുണ്ട്. കേരള സാമ്പത്തികസ്ഥിതി വിവര വകുപ്പിന്റെ 2023-2024 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച നാളികേര ഉല്പാദനം 5522 ദശ ലക്ഷം ആണ്. സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ 2024-25 വർഷ പ്രവചന റിപ്പോർട്ട് പ്രകാരം ഉത്പാദനം 5612 ദശ ലക്ഷം നാളികേരമാണ്. മുൻ വർഷത്തെ അപേക്ഷിച്ച ഏകദേശം ഒമ്പതു കോടി നാളികേരത്തിന്റെ അധിക ഉത്പാദനം ഉണ്ടായിട്ടുണ്ട് എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ

1. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി മുഖാന്തിരം ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി നൽകി വരുന്നു. ഇതിനായി നടപ്പ് വർഷം 115 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
2. ശാസ്ത്രീയമായ കൃഷി രീതികളും ഡ്രോൺ ഉൾപ്പടെയുള്ള നൂതന സാങ്കേതിക വിദ്യകളും കൃഷിയിൽ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങളും ധനസഹായങ്ങളും നൽകി വരുന്നു. ഇതിനായി നടപ്പ് വർഷം 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
3. ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നു. ഉത്പാദനോപാധികൾക്ക് മാത്രമായി നടപ്പ് വർഷം 7370 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
4. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്
5. പരമ്പരാഗത പൊക്കാളി വിത്തിന്റെയും, അത്യുൽപ്പാദന ശേഷിയുള്ള പൊക്കാളി നെൽ വിത്തിന്റെയും ലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടി പൊക്കാളി വിത്തുൽപ്പാദന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി നടപ്പ് വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
6. കോൾ പടവുകളിൽ രണ്ടാം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്
7. 2025-26 സാമ്പത്തിക വർഷം മേൽഘടകങ്ങൾ ഉൾപ്പെടുന്ന നെൽകൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി ആകെ 9360 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം -2

**നെൽകൃഷിയുടെ ഉൽപ്പാദന ക്ഷമത വർധിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ**

1. സംസ്ഥാനാവിഷ്കൃത പദ്ധതിയായ ***നെൽകൃഷി വികസന പദ്ധതി*** യിലെ ഘടക പദ്ധതിയായ ***സുസ്ഥിര നെൽകൃഷി വികസന പദ്ധതി***യിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം , ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്.

2. നെൽവയലിലെ ***മണ്ണിന്റെ ആരോഗ്യ പരിപാലനത്തി*** നായി കുമ്മായ വസ്തുക്കൾ ഉപയോഗിക്കുന്നതിനായി ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്.

3. പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ ***പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവ്***നായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ പാടശേഖര സമിതികൾക്ക് നൽകിവരുന്നു.

4. ***പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്*** ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു.

5. ***കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി*** തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ ചോളം/ എണ്ണക്കുരു വിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിവരുന്നു .

6. ***ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത്*** വഴി നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 2000/- രൂപ ക്രമത്തിൽ ആനുകൂല്യം നൽകി വരുന്നു .

7. ***പൊക്കാളി മേഖലയിൽ കൂടുതൽ നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനു*** വിത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിലേക്കു 25 ഹെക്ടറിൽ പൊക്കാളി വിത്തുല്പാദനത്തിനുള്ള പദ്ധതി ഹെക്ടറിന് ഒരു ലക്ഷം രൂപ സഹായം നൽകി കൊണ്ട് നടപ്പിലാക്കി വരുന്നു .

8. നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് ***രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി*** നടപ്പിലാക്കുന്നു.

9. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി ***നെല്ലിന്റെ ഉത്പാദന***

***ബോണസായി*** ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു.

10. ***കാർഷികാവശ്യത്തിനായി സൗജന്യ വൈദ്യുതി പദ്ധതി*** യിൽ ജലസേചനത്തിനായി നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്.

11. നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില (MSP) യും ***സംസ്ഥാന പ്രോത്സാഹന ബോണസും*** ചേർത്ത് ഒരു കിലോയ്ക്ക് നെല്ലിന് 28.20 രൂപ നൽകി കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നു.

12. ഇതിനു പുറമെ ***പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ*** പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു .

13. ***പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി***യിൽ നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

14. കേന്ദ്രാവിഷ്കൃത ***കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി***യിൽ അംഗങ്ങളായ നെൽ കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 80,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു .

15. ***ജനകീയാസൂത്രണത്തിൽ*** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/-രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും . പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ് .

16. ***ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല് )*** പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു . പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം , മണ്ണ് പരിപോഷണം , സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം , യന്ത്രവൽക്കരണം , ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ , ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി ആനുകൂല്യം നൽകി വരുന്നു .

**സെക്ഷൻ ഓഫീസർ**

## നാളികേരകൃഷിയുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ

**a) കേരഗ്രാമം ഒന്നാംവർഷം പ്രവർത്തനങ്ങൾ :**

2025-26 വർഷത്തിൽ, ***ഒന്നാം വർഷം 100 ഹെ വിസ്തൃതിയുള്ള 74 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു.*** നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിന് തടമെടുക്കൽ, കുമ്മായംചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിനു 25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം 74 കേരഗ്രാമങ്ങൾക്ക് 1899.58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .

**b) കേരഗ്രാമം രണ്ടാം വർഷം:**

2025-26 വർഷത്തിൽ ***23 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷ ധനസഹായം നൽകുന്നു*** . തെങ്ങിൻതോപ്പുകളുടെ സംയോജിത പോഷക പരിപാലനം , സംയോജിത കീടരോഗ നിയന്ത്രണം എന്നിവക്കായി 184 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**c) കേരഗ്രാമം മൂന്നാം വർഷം:**

2025-26 വർഷത്തിൽ,***41 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായംനൽകുന്നു.*** തെങ്ങിൻ തോപ്പുകളുടെ വളമിടീൽ- ജൈവവളം/രാസവളം (6.00 ലക്ഷം/ കേരഗ്രാമം ) . സംസ്ഥാന പ്ലാൻ വിഹിതം മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് 164 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട് .

**d) കേരരക്ഷവാരം :**

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും , രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ ***കേരരക്ഷാവാരം പദ്ധതി*** നടപ്പിലാക്കുന്നു. നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം,

ഉൽപാദനക്ഷമത എന്നിവ ർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധ ശാസ്ത്രീയ പരിപാലന രീതികൾ എന്നിവയ്ക്ക് കർഷകർക്കിടയിൽ പ്രചാരം നൽകുന്നു. തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs.6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/-രൂപ സബ്സിഡി അനുവദിക്കുന്നു. 2025-26 വർഷത്തിൽ 8 ലക്ഷം തെങ്ങുകൾക്കു ഇതിന്റെ പ്രയോജനം ലഭിക്കുന്നു. 640.625 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്

**e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻ തൈകളുടെ വിതരണം :**

തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ടു 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ , മുന്തിയഇനം തെങ്ങിൻതൈകൾ (നെടിയ ഇനം , കുറിയ ഇനം , സങ്കരയിനം) 50 % സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുന്നു. കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി ), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഈ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ 7042614 തെങ്ങിൻതൈകൾ ( നാടൻ -5864581 , കുറുകിയ ഇനം - 365829 , സങ്കരയിനം - 812204 ) സബ്സിഡി നിരക്കിൽ കർഷർക്ക് ലഭ്യമാക്കിയിട്ടുണ്ട് .

**f) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഓരോ തുള്ളിയിലും കൂടുതൽ വിളവ്' (Per Drop More Crop)** എന്നതിന്റെ പിന്തുണയോടെ തെങ്ങിൻ തോപ്പുകളിൽ സൂക്ഷ്മ ജലസേചനം /വളപ്രയോഗം (Fertigation) നടപ്പിലാക്കുന്നു . നാളീകേരവികസന പദ്ധതി പ്രകാരം ഇതിനായി 30 ശതമാനം ടോപ് അപ്പ് സബ്സിഡി നൽകുന്നു. 600 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത് .

**g) വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും.** ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നും ഗുണമേന്മയുള്ള വിത്തു തേങ്ങ സംഭരണം നടത്തി വരുന്നു . കൃഷി വകുപ്പിനു കീഴിലുള്ള വിത്തു തേങ്ങ സംഭരണ യൂണിറ്റുകളായ സീഡ് ഡെവലപ്മെന്റ് യൂണിറ്റ് , വടകര (കോഴിക്കോട് ജില്ല ), സീഡ് ഡെവലപ്മെന്റ് യൂണിറ്റ്, ചാവക്കാട് (തൃശ്ശൂർ ജില്ല ), ***ടി x ഡി*** പോളിനേഷൻ യൂണിറ്റ്, ചാലോട് (കണ്ണൂർ ജില്ല ) മലപ്പുറം ജില്ലയിൽ സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽ തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നും മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിത്തു തേങ്ങ ശേഖരിക്കുന്നു . സംസ്ഥാനത്തെ കർഷകരിൽ നിന്നും പശ്ചിമതീര നെടിയയിനം (West Coast Tall ), കുറിയയിനം (Dwarf), സങ്കരയിനം **(ടി x**

ഡി, ഡി x ടി ) എന്നിവയുടെ വിത്തുതേങ്ങയാണ് സംഭരിക്കുന്നത്. നിലവിൽ WCT, കുറിയ ഇനം വിത്തുതേങ്ങ 70/- രൂപ നിരക്കിലും സങ്കരയിനം വിത്തുതേങ്ങ 75/- രൂപ നിരക്കിലുമാണ് കർഷകരിൽ നിന്നും സംഭരിച്ചുവരുന്നത്. ഓരോ വർഷവും ഏകദേശം 5300 ഓളം കർഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട് .

**സെക്ഷൻ ഓഫീസർ**